പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1589 **01-07-2026-ൽ മറുപടിയ്ക്ക്**

എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയ ഐ.പി. ബ്ലോക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് 2021-ൽ ഉദ്ഘാടനം ചെയ്തതല്ലാതെ കഴിഞ്ഞ 30 വർഷത്തിനിടയിൽ മറ്റ് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും പുതിയതായി നടന്നിട്ടില്ലെന്നും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ പുതിയ സേവനങ്ങൾക്ക് മാത്രമാണ് പുതിയ കെട്ടിടം ഉപയോഗിക്കുന്നതെന്നും ബാക്കി എല്ലാ സേവനങ്ങളും വർഷങ്ങൾ പഴക്കമുള്ള പഴയ കെട്ടിടങ്ങളിലാണ് ലഭ്യമാക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കഴിഞ്ഞ 30 വർഷത്തിനിടയിൽ എറണാകുളം ജനറൽ ആശുപത്രിയിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ പുരോതായി നടന്നിട്ടുള്ളതാണ്. പുതിയ നിർമ്മാണ പ്രവൃത്തികളിൽ ഡയാലിസിസ് ബ്ലോക്ക്, നവീകരിച്ച മോർച്ചറി കെട്ടിടം, ക്യാൻസർ ബ്ലോക്ക് എന്നിവ ഉൾപ്പെടുന്നു. കൂടാതെ, ആശുപത്രിയിലെ പഴയ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പുരുഷന്മാരുടെ സർജറി വാർഡ്, കാർഡിയോളജി ഐ.സി.യു, എക്കോ, ടി.എം.ടി. തുടങ്ങിയ സേവനങ്ങൾ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുമുണ്ട്.

മറ്റൊരു പ്രധാന കെട്ടിടമായ ട്രോമ ബ്ലോക്കിൽ (സ്പെഷ്യാലിറ്റി ബ്ലോക്ക്) എക്സ്റേ, എം.ആർ.ഐ, സി.ടി. വിഭാഗങ്ങൾ, കുട്ടികളുടെ ICU, ലേബർ റൂം, ക്ലിനിക്കൽ ഐ.സി.യു, കാഷ്വാലിറ്റി വിഭാഗം, ഓപ്പറേഷൻ തിയേറ്ററുകൾ, മെഡിക്കൽ സർജറി വാർഡ് എന്നിവ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം പഴയ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) എറണാകുളം ജനറൽ ആശുപത്രിയിൽ പുതിയതായി ഒരു ഐ.പി. ബ്ലോക്ക് പണിയുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇതിനായി ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ് (ഇൻകൽ) എന്ന സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആരോഗ്യവകുപ്പ് ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ച് അനുമതി നൽകിയിട്ടുണ്ടോ; ഈ പദ്ധതിക്ക് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെ വരെ എത്തി എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

മറുപടി: പുതിയ ഐ.പി ബ്ലോക്ക് പണിയുന്നതിനായുള്ള പ്രൊപ്പോസൽ, റിവൈസ്ഡ് പ്ലാൻ, ഏരിയ സ്റ്റേറ്റ്മെന്റ്, INKEL സമർപ്പിച്ച DPR എന്നിവ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ